## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4715** **19.05.2017**-ന് മറുപടിയ്ക്ക്

### പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

**ചോദ്യം**

**ശ്രീ. പി. കെ. ശശി :**

(എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷനിൽ നിന്നും 2016-17 വർഷം ഏതെല്ലാം ഇനം വായ്പകൾക്കു എത്രപേർ അപേക്ഷിച്ചു ; എത്രപേർക്ക് നല്കി ; വിശദാംശം ലഭ്യമാക്കുമോ ;

**മറുപടി**

**ശ്രീ. എ.കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) 2016-17 സാമ്പത്തിക വർഷം വിതരണം ചെയ്ത അപേക്ഷകളുടെ എണ്ണം, വിതരണം ചെയ്ത തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

**പദ്ധതി തിരിച്ചുള്ള വായ്പ വിതരണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| പദ്ധതിയുടെ പേര് | 2016-17 ൽ അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം | 2016-17 ൽ വായ്പ വിതരണം ചെയ്തവരുടെ എണ്ണം | വായ്പ തുക (കോടിയിൽ) |
|---|---|---|---|
| സ്വയം തൊഴിൽ വായ്പാ പദ്ധതി | 5685 | 5258 | 81.56 |
| മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി | 23292 | 23292 | 66.74 |
| വിദ്യാഭ്യാസ വായ്പാ പദ്ധതി | 1405 | 1206 | 31.39 |
| വിവാഹ വായ്പാ പദ്ധതി | 3154 | 2966 | 42.32 |
| സുവർണ്ണശ്രീ വായ്പാ പദ്ധതി | 2546 | 2957 | 51.09 |
| വ്യക്തിഗത വായ്പാ പദ്ധതി | 1746 | 1817 | 38.65 |
| ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി | 180 | 201 | 4.69 |
| വാഹനാ വായ്പാ പദ്ധതി | 69 | 69 | 0.56 |
| **ആകെ** | **38077** | **37766** | **317** |

(....2)

(ബി) കോർപ്പറേഷൻ എത്രശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത് എന്നും വായ്പ്പകൾക്ക സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നും ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC), എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. വിവിധ പദ്ധതികൾ പ്രകാരമുള്ള വായ്പകളുടെ പലിശ നിരക്കും മറ്റു വിശദാംശങ്ങളും അനുബന്ധം 1, 2, 3 ആയി ചേർക്കുന്നു. കോർപ്പറേഷൻ വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നില്ല.

(സി) കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ടോയെന്നും എന്തു മാനദണ്ഡങ്ങൾ പ്രകാരമാണ് ഇവ അനുവദിക്കുന്നതെന്നും 2016-17 -ൽ ഈയിനങ്ങളിൽ എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷൻ മറ്റ് പിന്നോക്ക / മത ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിച്ചു വരുന്നു. പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷം രൂപ) വരെയും വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) വരെയും വിദ്യാഭ്യാസ വായ്പ അനുവദിക്കും. പലിശ നിരക്ക് ആൺകുട്ടികൾക്ക് - 4%, പെൺകുട്ടികൾക്ക് - 3.5%. ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രണ്ട് വ്യത്യസ്ത പദ്ധതികൾ പ്രകാരം വായ്പ അനുവദിക്കുന്നു. ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപവരെയും (പ്രതിവർഷം 2 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപവരെയും (പ്രതിവർഷം 4 ലക്ഷം രൂപ) 3% പലിശ നിരക്കിൽ അനുവദിക്കും. ഇതിനുപുറമേ 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഇന്ത്യയിൽ പഠിക്കുന്നതിന്

20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) വരെയും വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) വരെയും അനുവദിക്കുന്നു. പലിശ നിരക്ക് ആൺകുട്ടികൾക്ക് - 8%, പെൺകുട്ടികൾക്ക് - 5%.

2016-17 സാമ്പത്തിക വർഷം വിദ്യാഭ്യാസ വായ്പ ഇനത്തിൽ ആകെ 31.39 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ ചികിത്സ ധനസഹായം അനുവദിക്കുന്നില്ല.

(ഡി) 2016-17 വർഷം പ്രവർത്തനങ്ങൾക്കായി കോർപ്പറേഷനു ലഭ്യമായ തുക കേന്ദ്രസഹായം ഉൾപ്പെടെ എത്രയെന്നും എത്ര തുക ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു എന്നും വ്യക്തമാക്കാമോ ?

(ഡി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. 2016-17 സാമ്പത്തിക വർഷം കോർപ്പറേഷന് ദേശീയ ഏജൻസികളിൽ നിന്നും ലഭ്യമായ വായ്പ ചുവടെ ചേർക്കുന്നു.

| ഏജൻസി | വായ്പ തുക കോടിയിൽ |
|---|---|
| ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) | 75.00 |
| ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) | 65.50 |
| **ആകെ** | **140.50** |

ഇതിനു പുറമേ കേരള സർക്കാരിൽ നിന്നും മൂലധന സഹായമായി 13 കോടി രൂപയും 2016-17 സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. ടി തുകയും കോർപ്പറേഷന്റെ സ്വന്തം ഫണ്ടും വിനിയോഗിച്ച് 2016-17 സാമ്പത്തിക വർഷം വിവിധ വായ്പാ പദ്ധതിക്കായി 317 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം- I

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1 സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) | 1 ലക്ഷം രൂപ | 5% |
| 3. സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവർക്കുള്ള സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 4. ശില്പ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക്) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 5. കൃഷിസമ്പദ | 50,000 രൂപ | 4 % |
| 6. വിദ്യാഭ്യാസ വായ്പാ പദ്ധതി | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br><br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 7. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല | NGO/CDS-3.50%.<br>SHGക്ക്-5% |
| 8. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-2.50%. SHGക്ക്-4% |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ളീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%,<br>SHG-5% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം - 3

KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി - മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി | 2 ലക്ഷം രൂപ | 6% |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ | 2 ലക്ഷം രൂപ | 8% |
| 3. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) | 2 ലക്ഷം രൂപ | 9% |
| 4. പ്രവർത്തന മൂലധന വായ്പ | 3 ലക്ഷം രൂപ | 8% |
| 5. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ | 3 ലക്ഷം രൂപ | 9% |
| 6. വിദ്യാശ്രീ വായ്പ | 3 ലക്ഷം രൂപ | 6% |
| 7. കൺസ്യൂമർ ഡ്യൂറബിൾ വായ്പ | 2 ലക്ഷം രൂപ | 10% |
| 8. വാഹന വായ്പ | 6 ലക്ഷം രൂപ | 9% |
| 9. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ) | 5 ലക്ഷം രൂപ | 10% |
| 10. വ്യക്തിഗത വായ്പ | 3 ലക്ഷം രൂപ | 11% |

സെക്ഷൻ ഓഫീസർ